# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4596** **18.12.2014 ൽ മറുപടിയ്ക്ക്**

**കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവയുടെ നിലവാരവും സൗകര്യവും വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളെ സംബന്ധിച്ച് നിലവാരവും സൗകര്യവും വർദ്ധിപ്പിക്കുന്നതിനായി ഓരോ സാമ്പത്തികവർഷവും പ്ലാൻ ഇനത്തിലും നോൺ പ്ലാൻ ഇനത്തിലും തുക മാറ്റിവയ്ക്കുകയും ഈ തുകയുപയോഗിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നുമുണ്ട്.<br>സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും, പഠനോപകരണങ്ങൾ വാങ്ങുന്നതിനും, അധ്യാപകരുടെ നിലവാരം ഉയർത്തുന്നതിനും സർവോപരി കോളേജുകളുടെ നിലവാരവും സൗകര്യവും വർദ്ധിപ്പിക്കുന്നതിനും വേണ്ടി കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ TEQIP പദ്ധതി നടപ്പിലാക്കി വരുന്നു.<br>സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരവും സൗകര്യവും വർദ്ധിപ്പിക്കുന്നതിന് എല്ലാ വർഷവും പ്ലാൻ ഫണ്ടിൽ നിശ്ചിത തുക വകയിരുത്തുകയും, പ്രസ്തുത തുക കോളേജുകളുടെ നിലവാരവും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് ഉപയോഗപ്പെടുത്തുന്നുമുണ്ട്.<br>സ്വാശ്രയ കോളേജുകളുടെ നിലവാരവും സൗകര്യവും മെച്ചപ്പെടുത്തുന്നതിന് സർക്കാർ സമയാസമയങ്ങളിൽ സ്വാശ്രയ കോളേജ് മാനേജുമെന്റുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇവ പാലിയ്ക്കാത്ത കോളേജുകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>സംസ്ഥാന സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ നിലവാരവും സൗകര്യവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി |

സി.ഐ.യു.പി (കോളേജ് ഇൻഫ്രാസ്ട്രക്ചർ അപ് ഗ്രേഡേഷൻ പ്രോഗ്രാം), സി.ക്യൂ.ഐ.പി. (കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം), സെന്റർ ഓഫ് എക്സലൻസ്, അക്രഡിറ്റേഷൻ ഓഫ് കോളേജ് വിത്ത് നാക്ക് എന്നീ പദ്ധതികൾ ബഡ്ജറ്റ് വിഹിതത്തിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

കൂടാതെ സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ്, ആർട്ട്സ് & സയൻസ് കോളേജുകളുടെ അടിസ്ഥാന സൗകര്യം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്കുള്ള പ്രൊപ്പോസൽ റൂസ പദ്ധതിയിൽപ്പെടുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ, അവയുടെകീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് തുടർ അംഗീകാരം നൽകുന്നതിനുവേണ്ടി വർഷംതോറും സർവ്വകലാശാലാതലത്തിൽ പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കുവാൻ വേണ്ട കർശന നിർദ്ദേശം കോളേജുകൾക്കു നൽകുന്നുണ്ട്.

| | | | |
|---|---|---|---|
| ബി) | ഈ സ്ഥാപനങ്ങൾ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതിന് എന്തെല്ലാം നടപടികളും നിർദ്ദേശങ്ങളുമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) | സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെ സംബന്ധിച്ച്, സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ റഫറൽ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാതെ സെന്റർ ഓഫ് എക്സലൻസ് എന്ന കൺസെപ്റ്റിലേക്ക് ഉയരാൻ കഴിയില്ല. സർക്കാർ മെഡിക്കൽ കോളേജുകളിലെത്തുന്ന രോഗികളുടെ ബാഹുല്യം കുറഞ്ഞാൽ മാത്രമേ ഇത് സാദ്ധ്യമാകു. എന്നാൽ പ്രസ്തുത കോളേജുകളിലെ പഠന നിലവാരം വളരെ മികച്ചതാണ്.<br><br>എഞ്ചിനീയറിംഗ് കോളേജുകളിൽ ബോഷ് റെക്സ്റോത്ത് എന്ന ജർമ്മൻ കമ്പനിയുമായി കൂടിച്ചേർന്ന് ആട്ടോമേഷൻ ടെക്നോളജി മേഖലയിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ മികവിന്റെ ഒരു കേന്ദ്രമാക്കി മാറ്റാനും സംസ്ഥാന തലത്തിൽ മാസ്റ്റർ സെന്റർ സ്ഥാപിക്കാനും മേഖലാ ജില്ലകളിൽ മാത്സര്യത്തിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാനും കരാറിൽ ഒപ്പിട്ടു കഴിഞ്ഞു. ഇതിന്റെ ഭാഗമായി കളമശ്ശേരിയിലെ സർക്കാർ പോളിടെക്നിക്കിൽ സ്ഥാപിക്കുന്ന മേഖലാ കേന്ദ്രം വഴി പോളിടെക്നിക്കുകളിലെ |

അധ്യാപകർക്ക് ആട്ടോമേഷൻ ടെക്നോളജി രംഗത്ത് ട്രെയിനിംഗ് പ്രോഗ്രാം നൽകാനും പദ്ധതിയുണ്ട്.

ഈ വർഷം സെന്റർ ഓഫ് എക്സലൻസ് സ്കീമിൽ ആർട്സ് & സയൻസ് കോളേജുകൾക്കായി 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക വിവിധ സർക്കർ കോളേജുകൾക്കായി നൽകിയിട്ടുണ്ട്. ഇവിടങ്ങളിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

| | | | |
|---|---|---|---|
| സി) | സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തിയ എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ? | സി) | സർക്കാർ മെഡിക്കൽ കോളേജുകളൊന്നും സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തിയിട്ടില്ല. |

ആട്ടോമേഷൻ ടെക്നോളജി മേഖലയിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ മികവിന്റെ ഒരു കേന്ദ്രമാക്കി മാറ്റാനും സംസ്ഥാന തലത്തിൽ മാസ്റ്റർ സെന്റർ സ്ഥാപിക്കാനും മേഖലാ ജില്ലകളിൽ മാത്സര്യത്തിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാനും കരാറിൽ ഒപ്പിട്ടു കഴിഞ്ഞു.

സെന്റർ ഓഫ് എക്സലൻസ് സ്കീം നടപ്പിലാക്കിയിട്ടുള്ള ആർട്ട്സ് & സയൻസ് കോളേജുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2012-13 | 1. യൂണിവേഴ്സിറ്റികോളേജ്, തിരുവനന്തപുരം<br>2. മഹാരാജാസ് കോളേജ്, എറണാകുളം<br>3. ഗവ. ബ്രണ്ണൻ കോളേജ്, തലശ്ശേരി |
| 2013-14 | 1.ഗവ.കോളേജ്, കാസറഗോഡ്<br>2.ശ്രീ.നീലകണ്ഠ സംസ്കൃത കോളേജ്, പട്ടാമ്പി<br>3. ഗവ.വിക്ടോറിയ കോളേജ്, പാലക്കാട് |
| 2014-15 | 1. ഗവ. കോളേജ്, മടപ്പള്ളി<br>2. ഗവ.കോളേജ് ഫോർ വിമൻ, തിരുവനന്തപുരം<br>3. ഗവ. ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്<br>4. കെ.എം.എം.വിമൻസ് കോളേജ്, കണ്ണൂർ |

സെക്ഷൻ ഓഫീസർ